ഉത്തരം

(എ) അതതു നഗരസഭാ കൗൺസിലുകളുടെ തീരുമാനം അനുസരിച്ചുള്ള സമയക്രമത്തിലാണ് സംസ്ഥാനത്തെ നഗരസഭാ ലൈബ്രറികൾ പ്രവർത്തിച്ചുവരുന്നത്.

(ബി&സി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ഡി) ഉണ്ട്. ലൈബ്രേറിയൻ ഗ്രേഡ്-IV-നും യു.ഡി. ക്ലാർക്കിനും എട്ടാം ശമ്പള പരിഷ്കരണം അനുസരിച്ച് 6680-10790 രൂപ ശമ്പള സ്കെയിലാണ് അനുവദിച്ചിട്ടുള്ളത്.

(ഇ) ഒമ്പതാം ശമ്പളപരിഷ്കരണ കമ്മീഷൻ റിപ്പോർട്ട് മന്ത്രിസഭാ ഉപസമിതിയും ധനകാര്യവകുപ്പും പരിശോധിച്ചുവരുന്നതിനാൽ ചോദ്യം ഉദിക്കുന്നില്ല.

തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ വിനിയോഗിച്ചതുക

150 (1620) ശ്രീ. കെ. പി. മോഹനൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിൽ 2010-11 വർഷം എത്ര രൂപ വിനിയോഗിച്ചെന്ന് ബ്ലോക്ക് തിരിച്ച് കണക്ക് വെളിപ്പെടുത്തുമോ ;

(ബി) തൊഴിലുറപ്പ് പദ്ധതി പ്രകാരം കണ്ണൂർ ജില്ലയിലെ പാട്യം, മൊകേരി, പന്ന്യന്നൂർ, ചൊക്ലി, ന്യൂമാഹി, കരിയാട്, പെരിങ്ങളം, പാനൂർ, കുന്നോത്ത്പറമ്പ്, തൃപ്രങ്ങോട്ടൂർ ഗ്രാമപഞ്ചായത്തുകളിൽ 2009-10, 2010-11 വർഷങ്ങളിൽ എത്ര തുക വിനിയോഗിച്ചെന്ന് വേർതിരിച്ച് പേരുസഹിതം വെളിപ്പെടുത്താമോ ;

(സി) പ്രസ്തുത പഞ്ചായത്തുകളിൽ എത്ര തുക ലേബർ ചാർജ്ജായും എത്ര രൂപ പണിയായുധങ്ങൾ വാങ്ങിക്കാനും ഉപയോഗിച്ചെന്ന് പഞ്ചായത്ത് തിരിച്ച് കണക്ക് വെളിപ്പെടുത്താമോ ;

(ഡി) തൊഴിലുറപ്പ് പദ്ധതി പരിശോധിക്കാൻ എന്തൊക്കെ സംവിധാനങ്ങളാണ് ഉള്ളതെന്ന് വെളിപ്പെടുത്താമോ ;

(ഇ) തൊഴിലുറപ്പ് പദ്ധതിയിലൂടെയുള്ള ദുർവിനിയോഗം തടയാനും, പ്രത്യുത്പാദന മേഖലയിൽ കൂടുതൽ പ്രയോജനപ്പെടുത്താനുംവേണ്ടി എന്തെങ്കിലും നടപടി സ്വീകരിച്ചിട്ടുണ്ടോ ; വെളിപ്പെടുത്താമോ ;

(എഫ്) തൊഴിലുറപ്പ് പദ്ധതി പ്രകാരം ഉള്ള പ്രവൃത്തികൾ പരിശോധിക്കാനും കാര്യക്ഷമമായി നടപ്പിലാക്കാനും പ്രത്യേകം ഉദ്യോഗസ്ഥന്മാർ മേൽനോട്ടം വഹിക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) കണ്ണൂർ ജില്ലയിൽ 2010-11-ൽ 16,21,172,56 രൂപ തൊഴിലുറപ്പ് പദ്ധതിയിൽ വിനിയോഗിച്ചിട്ടുണ്ട്. ബ്ലോക്ക് തിരിച്ചുള്ള കണക്ക് അനുബന്ധം I ആയി ചേർത്തിട്ടുണ്ട്.*

(ബി) വിവരം അനുബന്ധം II ആയി കൊടുത്തിട്ടുണ്ട്.*

(സി) വിവരം അനുബന്ധം III ആയി കൊടുത്തിട്ടുണ്ട്.*

(ഡി) കേന്ദ്ര സർക്കാർ നാഷണൽ ലെവൽ മോണിറ്റർമാരെ ഉപയോഗിച്ചുകൊണ്ട് മഹാത്മാഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതി പരിശോധിക്കുന്നുണ്ട്. മൊത്തം പ്രവൃത്തികളുടെ 2% സംസ്ഥാനതല ഉദ്യോഗസ്ഥന്മാരും 10% ജില്ലാതല ഉദ്യോഗസ്ഥന്മാരും 100% ബ്ലോക്കുതലത്തിൽനിന്നും പരിശോധിക്കണമെന്ന് നിഷ്ക്കർഷിച്ചിട്ടുണ്ട്. ഇതിനുപുറമേ പദ്ധതി നടത്തിപ്പിനെക്കുറിച്ച് കേന്ദ്ര സർക്കാരും സംസ്ഥാന സർക്കാരും ദേശീയ തലത്തിലുള്ള പ്രശസ്ത അക്കാദമിക് സ്ഥാപനങ്ങളെ ഉപയോഗിച്ചുകൊണ്ട് വെവ്വേറെ വിലയിരുത്തുന്നുണ്ട്.

(ഇ) സ്വീകരിച്ചിട്ടുണ്ട്. മഹാത്മഗാന്ധി ദേശീയ ഗ്രാമീണ തൊഴിലുറപ്പ് പദ്ധതിയിൽ മണ്ണ്-ജല സംരക്ഷണത്തിനും ജൈവസമ്പത്തിന്റെ പരിപോഷണത്തിനും പ്രാധാന്യം നൽകണമെന്ന് നിർദ്ദേശം നൽകിയിട്ടുണ്ട്. കൂടാതെ തരിശുനിലങ്ങൾ തൊഴിലുറപ്പ് പദ്ധതിയിലൂടെ കൃഷിയോഗ്യമാക്കുന്നതിനുള്ള പ്രവർത്തനങ്ങൾ ഏറ്റെടുത്തിട്ടുണ്ട്.

(എഫ്) സ്വീകരിച്ചിട്ടുണ്ട്.

കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിലെ സ്ഥലം സബ്ട്രഷറിക്ക് കെട്ടിട നിർമ്മാണത്തിന് നൽകുന്നതിന് നടപടി

151 (1621) ശ്രീ. മോൻസ് ജോസഫ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കടുത്തുരുത്തി ബ്ലോക്ക് പഞ്ചായത്തിന്റെ സ്ഥലം സബ്ട്രഷറിക്ക് കെട്ടിടനിർമ്മാണത്തിന് നൽകുന്നത് സംബന്ധിച്ച് ഗ്രാമവികസന കമ്മീഷണർ ഓഫീസിൽ നിലവിലുള്ള ജെ.ആർ.വൈ.2/8842/10/ സി.ആർ.ഡി. എന്ന ഫയലിൽ സി.ആർ.ഡി. എന്തൊക്കെ നടപടി സ്വീകരിച്ചു ;

(ബി) തദ്ദേശ സ്വയംഭരണ വകുപ്പിൽ നിന്നും 6-4-2010-ന് ആർ.സി. 4/17712/10 എന്ന നമ്പരിൽ നൽകിയ കത്തിന് ഇതുവരെയും സി.ആർ.ഡി.യിൽ നിന്നും മറുപടി നൽകാത്തതിന് കാരണം വ്യക്തമാക്കുമോ ;

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.

LIBRARY ARCHIVES Kerala Legislative Assembly